بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 06/03/2015

## (14 JAMADUL AWWAL 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

## AR-RIYA & AL-SUMRAH / HYPOCRICY & PIPERS / നാട്യവും കുഴലൂത്തുകാരും

സലാമിനും തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹായ്ക്ക് ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

നമ്മുടെ നല്ല പ്രവർത്തനങ്ങളെ നാം ഒരു പ്രദർശന വസ്തുവാക്കി മാറ്ററുത്. ആത്മാർത്ഥതയോടാണ് ഇസ്ലാം ബന്ധപ്പെട്ടിരിക്കുന്നതും, വളരെ പ്രാധാന്യം നൽകുന്നതും. നാട്യത്തിനും, കുഴലൂത്തുകാർക്കും മുന്നറിയിപ്പ് നൽകുവാനുണ്ടായ കാരണവും അതു തന്നെ. അർറിയാഅ് - എന്നാൽ പൊങ്ങച്ചം കാണിക്കൽ അഥവാ ദുരഭിമാനം പ്രകടിപ്പിക്കൽ അല്ലെങ്കിൽ മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി ചെയ്യുന്ന പ്രവർത്തികൾ ! സുമ്റാഅ് എന്നാൽ മറ്റുള്ളവർ സംസാരവിഷയമാക്കുന്നതിനുള്ള ഉദ്ദേശ്യത്തോടെ മാത്രം ചെയ്യുന്ന പ്രവർത്തികൾ!

ഒരു വിശ്വാസിയുടെ ആത്മാർത്ഥതയിൽ വിഷം കലർത്തുന്ന സാത്താന്റെ വഴിയിൽ പെടുന്നതാണ്, താൻ ചെയ്യുന്ന നല്ല പ്രവർത്തികൾ മറ്റുള്ളവരോട് പറയുക എന്നത്. അങ്ങനെ അവൻ ചെയ്യുന്ന നല്ല കാര്യങ്ങൾ അവൻ പൊതുജന മധ്യത്തിൽ പരസ്യമാക്കുന്നു. ഒരാൾ ബോധപൂർവ്വമോ, അല്ലാതെയോ താൻ ചെയ്യുന്ന നല്ല കാര്യങ്ങൾ മറ്റൊരാളുമായി സംസാരിക്കുമ്പോൾ അർറിയാഅ്ലോ സുമ്റാഅ്ലോ അകപ്പെട്ടു പോകുന്നതിന്റെ ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

1. ഞാൻ രാവിലെ മൂന്ന് മണിക്ക് തഹജ്ജുദ് നമസ്ക്കാരത്തിനെഴുന്നേറ്റപ്പോൾ നല്ല തണുപ്പായിരുന്നു.
2. അൽഹംദുലില്ലാഹ് ! ഞാൻ നിർവ്വഹിച്ച സുന്നത്തു നോമ്പിലൂടെ, എനിക്ക് കുറേ ധനം നഷ്ടമാകാതെ സൂക്ഷിക്കുവാൻ കഴിഞ്ഞു.
3. അവസരം കിട്ടുമ്പോൾ ദാനധർമ്മം ചെയ്യുവാൻ ഞാൻ ഇഷ്ടപ്പെടുന്നു.
4. സത്യത്തിൽ, ഖുർആൻ പാരായണം സമാധാനത്തിന്റെ ഉറവിടം തന്നെയാണ്. എല്ലാ ദിവസവും മഗ്രിബ് നമസ്ക്കാരാനന്തരം ഞാൻ ഖുർ ആൻ വായിച്ചു തീരുമ്പോൾ, എന്റെ ചുമലുകളിൽ നിന്ന് ഒരു ഭാരം ഒഴിഞ്ഞതുപോലെ അനുഭവപ്പെടാറുണ്ട്.

അനേകം പ്രവാചക വചനങ്ങളിലൂടെ വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്, അതായത് ഒരു നല്ല വിശ്വാസിയുടെ നല്ല ഗുണങ്ങളിൽപ്പെട്ട ഒരു കാര്യമാണ്, താൻ ചെയ്യുന്ന നല്ല കാര്യങ്ങൾ പരസ്യപ്പെടുത്താതിരിക്കുക എന്നത് ! പ്രവാചക പ്രഭു (സ) പറഞ്ഞു. **“ അവന്റെ തണലല്ലാതെ, മറ്റൊരു തണലും ഇല്ലാത്ത ദിനത്തിൽ, ഏഴ് വിഭാഗം ആളുകൾക്ക് അല്ലാഹുവിന്റെ തണൽ ലഭ്യമാകുന്നതാണ്; താൻ നല്ല കാര്യത്തിനായി പണം ചെലവഴിക്കുകയും അത് മറച്ച് വയ്ക്കുകയും ചെയ്യുന്ന വ്യക്തിയാണ് അതിലൊന്ന് ! തന്റെ ഇടംകൈ ചെയ്തത് തന്റെ വലംകൈ അറിയാത്ത നിലയിൽ !” (ബുഖാരി – മുസ്ലീം)**

ഒന്നും തിരിച്ച് പ്രതീക്ഷിക്കാതെ നല്ല പ്രവർത്തികൾ ചെയ്യുന്ന കാര്യത്തിൽ, നമ്മൾ എത്ര പേർ പരാജയപ്പെട്ട് പോകുന്നു എന്നറിയുന്നവൻ അല്ലാഹു മാത്രമാണ്. (ഉദാഹരണത്തിന് മഹത്വം, സ്തുതിഘോഷം, അംഗീകാരം, പ്രതിഫലം) അവർ ഉദ്ദേശിക്കുന്ന അംഗീകാരം തിരിച്ചു ലഭിക്കുന്നില്ലെങ്കിൽ, നല്ലകാര്യങ്ങൾ ചെയ്യാതിരിക്കുന്നവരെയും നമുക്കിടയിൽ കാണാൻ കഴിയും.

ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. **“ ഹേ ജനങ്ങളെ ! നിങ്ങളുടെ വീടുകളിൽ പ്രാർത്ഥിക്കുക (പരപ്രേരണകൂടാത്ത പ്രാർത്ഥനകൾ) കാരണം ഏറ്റവും നല്ല പ്രാർത്ഥന, ഒരാൾ തന്റെ വീട്ടിൽ വച്ച് ചെയ്യുന്ന പ്രാർത്ഥനയാണ്; നിർബന്ധന പ്രാർത്ഥനകൾ ഒഴികെ !” (ബുഖാരി)**

## പൊങ്ങച്ച രീതികൾ (അർറിയാഅ്)

1. പ്രവർത്തനാരംഭത്തിലെ പൊങ്ങച്ചം - ആ പ്രവർത്തിയുടെ ഫലം ഇല്ലാതാകുന്നു.

2. പ്രവർത്തനത്തിനിടയിലെ പൊങ്ങച്ചം - പ്രവർത്തിയെ മുന്നോട്ട് കൊണ്ടു പോകാൻ അതാവശ്യമാണ്, അതിൽ അവൻ വിജയിച്ചാൽ, ആ പ്രവർത്തി അംഗീകരിക്കപ്പെടുന്നതാണ്.

3. പ്രവർത്തനത്തിന് ശേഷമുള്ള പൊങ്ങച്ചം ! - ഈ പ്രവർത്തനത്തെ അവൻ പുകഴ്ത്തിയാൽ, ആ പ്രവർത്തന ഫലം റദ്ദാക്കുന്നതാണ്.

അബൂദർറ് (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ, പ്രവാചകർ (സ) ചോദിക്കപ്പെട്ടു. അതായത് ഒരാൾ ഒരു നല്ല പ്രവർത്തി ചെയ്തു. മറ്റുള്ളവർ ഈ കാര്യത്തിൽ അവനെ പുകഴ്ത്തി സംസാരിക്കുന്നു. അപ്പോൾ ദൈവദൂതർ (സ) പറഞ്ഞു. **“ഒരു വിശ്വാസിക്ക്, ഇതൊരു നല്ല വാർത്തയാണ്” (മുസ്ലീം)**

മറിച്ച്, ഒരാൾ, മറ്റൊരാളെ, അവന് വേണ്ടി ചെയ്ത നല്ല കാര്യങ്ങളെപ്പറ്റി പറഞ്ഞ് അധിക്ഷേപിച്ചാൽ, ആ പ്രവർത്തിയുടെ ഫലം റദ്ദാക്കുന്നതാണ്. ഉദാഹരണമായി **“ഓർക്കുക, ഇത് അല്ലെങ്കിൽ അത് നിനക്കുവേണ്ടി ചെയ്തതാണ്.”** മാത്രമല്ല സൂറഃ അൽബഖറയിൽ 265-ാം വചനത്തിൽ അല്ലാഹു (ത) പറയുന്നു **“വിശ്വസിച്ചവരെ ! (ചെയ്ത) ഉപകാരങ്ങൾ എടുത്തു പറഞ്ഞും ഉപദ്രവ വാക്കുകൾ പറഞ്ഞും നിങ്ങളുടെ ദാന ധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതെ ജനങ്ങളെ കാണിക്കാനായി തന്റെ ധനം ചെലവു ചെയ്യുന്നവനെപ്പോലെ – അവന്റെ സ്ഥിതി ഉറച്ചു മിനുത്ത ഒരു പാറയുടെ സ്ഥിതിപോലെയാണ്. അതിന്മേൽ മണ്ണുണ്ടായിരുന്നു. പിന്നീട് അതിനെ ഒരു പേമാരി ബാധിച്ചു. അങ്ങനെ അത് അതിനെ (കഴുകി) ഒരു മിനുത്ത പാറയാക്കി വിട്ടു. അവൻ സമ്പാദിച്ചതിൽ നിന്ന് അവർക്ക് യാതൊന്നും കരസ്ഥമാക്കാനാവില്ല (ഇത്തരം നിഷേധികളെ) അല്ലാഹു (വിജയ) മാർഗ്ഗത്തിലേക്ക് നയിക്കുന്നതല്ല.”**

ആയതിനാൽ, പൊങ്ങച്ചവും കുഴലൂത്തു നടത്തലും യഥാർത്ഥ വിശ്വാസികൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു. പ്രവർത്തിയിൽ ആത്മാർത്ഥതയുണ്ടായിരിക്കണം. അല്ലാഹുവിന്റെ കണ്ണുകളിലായിരിക്കണം ആ ആത്മാർത്ഥത കാണേണ്ടത് ! അഭിനന്ദനവും അല്ലാഹുവിൽ നിന്നായിരിക്കണം ലഭിക്കേണ്ടത് ! മനുഷ്യരിൽ നിന്നല്ല ! തികഞ്ഞ വിശ്വാസത്തോടെ ഒരു വിശ്വാസി പ്രവർത്തിച്ചാൽ, രണ്ടാമതൊരു ചിന്തയ്ക്ക് ഇടം കൊടുക്കാതെ, അഥവാ മാനവരാശിക്ക് ഒരു നല്ല മാതൃകയായി ഒരു നല്ല പ്രവർത്തി ചെയ്താൽ, അതിൽ പ്രചോദനം ഉൾക്കൊണ്ട് ജനങ്ങൾ നല്ല പ്രവർത്തികൾ ദൈവമാർഗ്ഗത്തിൽ ചെയ്യുന്നതാണ്. ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾ സ്വീകാര്യയോഗ്യങ്ങളായി തീരുന്നു. (എല്ലാം ആ വ്യക്തിയുടെ ഉദ്ദേശ്യത്തിനനുസരിച്ചായിരിക്കും) കാരണം ഇത് ഒരു ഫലഭൂയിഷ്ഠമായ മണ്ണാണ് മറ്റിതര നല്ല ഫലങ്ങൾ കൊയ്യാൻ പറ്റിയ സ്ഥലമായി മാറുന്നതാണ്. എന്നാൽ പൊങ്ങച്ചവും, കുഴലൂത്തും തെറ്റായ നടപടികളാണ്; ഇവ സാത്താനെ വിളിച്ചു വരുത്തലാണ്; ജനങ്ങളുടെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കിക്കളയുന്നതാണ്; ദൈവവീക്ഷണത്തിൽ നിന്ദ്യ പ്രവർത്തിയാണ്.

അല്ലാഹു (ത) നമ്മെ രിആയിൽ നിന്നും സുംറാഇൽ നിന്നും കാത്തു രക്ഷിക്കട്ടെ ! നമ്മിലുള്ള ദൈവീക പ്രകാശത്തെ അടിമകളാക്കി തീർക്കുന്ന നമ്മുടെ ഇച്ഛകളെ നിയന്ത്രിക്കുവാൻ അല്ലാഹു ശക്തി പകരട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

****************